# ബാലഭവൻ അനാഥാലയത്തിനുള്ള കുന്നത്തുനാട് ജനമൈത്രി പോലീസിന്റെ സഹായ ഹസ്തം




മണ്ണൂരിൽ പ്രവർത്തിക്കുന്ന ആർദ്രതാ ബാലഭവൻ അനാഥാലയത്തിന് കുന്നത്തുനാട് ജനമൈത്രി പോലീസും മേഴ്സി കോർപ്പ്സും ചേർന്ന് ലൈബ്രറിയും അലമാരകളും നിർമ്മിച്ച് പുസ്തകങ്ങൾ വാങ്ങി നല്കി.

ഉൽഘാടനം ക്രൈംബ്രാഞ്ച് എസ്.പി. ശ്രീ.കെ.എസ്,സുദർശൻ നിർവ്വഹിച്ചു. കുന്നത്തുനാട് സി. ഐ. ജെ.കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ചു. പെരുമ്പാവൂർ സി.ഐ. ബൈജു പൗലോസ്, കുന്നത്തുനാട് എസ്.ഐ. ടി.ദിലീഷ് പെരുമ്പാവൂർ എസ്.ഐ.ഫൈസൽ.പി.എ., ജനമൈത്രി സി. ആർ.ഒ. പി.എ. സുബൈർ എസ്.ഐ , ആർദ്രതാ ബാലഭവൻ ഡയറക്ടർ ബിജു.എം.ജോർജ്, ജനമൈത്രി സമിതി അംഗം സണ്ണി തുരുത്തിയിൽ എന്നിവർ പ്രസംഗിച്ചു.

ആർദ്രതാ ബാലഭവൻ കുട്ടികൾ വിവിധകലാപരിപാടികൾ അവതരിപ്പിക്കുകയും കുന്നത്തുനാട് ജനമൈത്രി പോലീസ് അംഗങ്ങളുടെ സംഭാവനയും, അൻപതിനായിരം രൂപയുടെ പുസ്തകങ്ങളും വിവിധ ജനമൈത്രി സമിതികളുടെയും, സഹകരണത്തോടെ കുട്ടികൾക്കായി ബെഡ്ഷീറ്റ്, തലയിണകൾ, ടർക്കി ടൗവലുകൾ എന്നിവയും നൽകുകയുണ്ടായി.

